# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1327 — 11.02.2016-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി

**ചോദ്യം**

ശ്രീ. എം.എ.ബേബി
„ കെ.രാധാകൃഷ്ണൻ
„ വി.ശിവൻകുട്ടി
„ എ.പ്രദീപ്കുമാർ

(എ) ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ; ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത് എന്നായിരുന്നു ; എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) പദ്ധതിയ്ക്ക് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പണം എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

**മറുപടി**

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പമന്ത്രി)

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് 11.09.2015-ലെ സ.ഉ.(കൈ) നം.74/15/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്-- ഉം തമ്മിൽ 20.01.2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

2014 ആഗസ്റ്റ് 28-നു കൂടിയ കേരളാ മോണോറെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിലാണ് മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാനും, തത്തുല്യമായ മറ്റൊരു ഗതാഗത സംവിധാനമായ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനും തീരുമാനിച്ചത്.

5 വർഷം കൊണ്ട് തിരുവനന്തപുരവും, 4 വർഷം കൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പദ്ധതിക്കായി കണക്കാക്കപ്പെട്ട തുക:

| പദ്ധതി | പൂർത്തീകരണത്തിനുള്ള തുക (2020) | കിലോമീറ്റർ 1-നുള്ള തുക |
|---|---|---|
| തിരുവനന്തപുരം | 4219കോടി രൂപ | 158കോടി രൂപ |
| കോഴിക്കോട് | 2509കോടി രൂപ | 154കോടി രൂപ |
| ആകെ തുക | 6728കോടി രൂപ | |

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ധനസമാഹരണ ത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും സമാഹരി ക്കണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്നത്തേക്ക് പൂർത്തിയാ ക്കാനാകുമെന്ന് വ്യക്തമാക്കാമോ ; | (സി) | 5 വർഷം കൊണ്ട് തിരുവനന്തപുരവും, 4 വർഷം കൊണ്ട് കോഴിക്കോടും പ ദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത തീരുമാനം അനന്തമായി നീണ്ടു പോകാനിടയായതായി പറയ പ്പെടുന്ന സാഹചര്യം വിശദ മാക്കാമോ ? | (ഡി) | ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസ ൾട്ടന്റായ ഡി.എം.ആർ.സി.യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്-ഉം തമ്മിൽ 20.01.2016-ന് കരാർ ഒപ്പുവച്ചി ട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**